**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം - 2025**

**2025 ലെ ആർക്കിടെക്ചർ (ബി.ആർക്ക്) പ്രവേശനം താത്കാലിക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2025 ലെ ആർക്കിടെക്ചർ (ബി.ആർക്ക്) കോഴ്സിലെ പ്രവേശനത്തിനായുള്ള താത്കാലിക റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **'KEAM 2025 – Candidate Portal'** ലെ **'Provisional Rank List'** എന്ന മെനു ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് റാങ്ക് ലിസ്റ്റ് കാണാവുന്നതാണ്.

കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) സ്കോറിനും യോഗ്യതാ പരീക്ഷയിലെ മാർക്കിനും തുല്യ പരിഗണന നൽകി **പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (c)** പ്രകാരമാണ് ആർക്കിടെക്ചർ കോഴ്സിലെ പ്രവേശനത്തിനുള്ള താത്കാലിക റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

നേറ്റിവിറ്റി, നാഷണാലിറ്റി, ഫോട്ടോ, ഒപ്പ്, പത്താംക്ലാസ് സർട്ടിഫിക്കറ്റ്, മാർക്ക് ഷീറ്റ്, NATA സ്കോർ എന്നിവയിലെ അപാകതകൾ മൂലം ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

താത്കാലിക റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി അന്തിമ റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിനോ ഏതെങ്കിലും കോളേജിൽ പ്രവേശനത്തിനോ അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ

ഓരോ വിദ്യാർത്ഥിയും പാലിച്ചിരിക്കേണ്ടതാണ്. പ്രത്യേകിച്ചും വിദ്യാർത്ഥികൾ പ്രവേശന സമയത്ത് **പ്രോസ്പെക്ടസ് ഖണ്ഡിക** 6.2.3 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കേണ്ടത് നിർബന്ധമാണ്. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്.

ആർക്കിടെക്ചർ താത്കാലിക റാങ്ക് ലിസ്റ്റ് സംബന്ധിച്ച് പരാതി ഉള്ള വിദ്യാർത്ഥികൾ B Arch പരീക്ഷയുമായി ബന്ധപ്പെട്ട ഇ.മെയിൽ **barch.ceekerala@gmail.com മുഖേന** 'B.Arch Provisional Rank List' **എന്ന വിഷയം പരാമർശിച്ച്** 19.07.2025 **വൈകുന്നേരം** 4.00 **മണിക്കകം** അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ** : 0471 – 2332120, 2338487

Signed by Arun S Nair
Date: 18-07-2025 18:41:53

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18-07-2025